8

# ക്രൂശിൽ തറക്കൽ

**മത്തായി 27:31-54; മർക്കൊസ് 15:20-39; ലൂക്കൊസ് 23:26-47; യോഹന്നാൻ 19:17-30**

*"എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും, നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി, അവന്റെ അടി പ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു" (യെശയ്യാവു 53:5).*

ഇംഗ്ലീഷ് ഭാഷയിൽ "ദ ക്രോസ്" എന്ന രണ്ടു വാക്കിനേക്കാൾ കൂടുതൽ അർത്ഥവത്തായ മറ്റു രണ്ടു വാക്കുകൾ ഇല്ല! വിറക്കുന്ന ഹൃദയത്തോടെ ആയിരിക്കണം നാം ക്രൂശിന്റെ പഠനത്തോടു സമീപി ക്കേണ്ടത്. അതിനാൽ രക്ഷിക്കപ്പെട്ടവർക്കുള്ള ആജീവനാന്ത പഠനം ആയിരിക്കണം അത്.

*ക്രൂശിൽ തറക്കൽ!* എത്ര മൃഗീയവും, പ്രാകൃതവും, മനുഷ്യത്വര ഹിതവും ആണ്! ഒരു പക്ഷെ, അതു കണ്ടുപിടിച്ചതു പാർസികളും പിന്നീടു റോമാക്കാർ നടപ്പാക്കിയതുമാണ്.

ഒരു സമയത്ത്, റോം ക്രൂശിൽ തറക്കലിനു കുപ്രസിദ്ധി നേടിയി രുന്നു. അന്തിമ തരംതാഴ്ത്തലായിരുന്നു ഇത്തരം ശിക്ഷ നടപ്പാക്കൽ. റോം റോമാക്കാരെ ക്രൂശിൽ തറെച്ചിരുന്നില്ല. ക്രൂശിൽ തറക്കലിനെ യെഹൂദന്മാർ നിന്ദിച്ചിരുന്നു (ആവർത്തനപുസ്തകം 21:23; ഗലാത്യർ 3:13); അതു ഒരിക്കലും അവരുടെ പരിശീലനം ആയിരുന്നില്ല. ഇന്നു മൃഗങ്ങളോടു പോലും കാണിക്കാത്ത ക്രൂരതയാണ് അന്ന് അവർ യേശു വിനോടു കാണിച്ചത്.

ആധുനിക സംസ്ക്കാരം ക്രൂശിൽ തറക്കലിനെ നിഷേധിക്കുന്നു ണ്ടെങ്കിലും, ലോകത്തിൽ മിക്ക രാജ്യങ്ങളിലും മരണശിക്ഷ നടപ്പാക്കു ന്നുണ്ട്. മരണ ശിക്ഷ നടപ്പാക്കുന്ന രാജ്യങ്ങളിൽ അതു എത്ര പെട്ടെന്നും കഴിവതും വേദന കുറച്ചും, മനുഷ്യത്വപരവുമായിട്ടാണ് നടപ്പാക്കുന്നത്.

*ചമ്മട്ടിയടി!* ചമ്മട്ടി കൊണ്ടുള്ള അടി റോമൻ നിയമത്തിലെ പ്രാഥ മിക ശിക്ഷയായിരുന്നു. തന്റെ കഷ്ടതയിൽ ചമ്മട്ടി അടിയും ഉൾപ്പെ ടുമെന്നു യേശു പ്രവചിച്ചിരുന്നു (മത്തായി 20:17-19; മർക്കൊസ് 10:32-34; ലൂക്കൊസ് 18:31-34), അവൻ അതേല്ക്കുകയും ചെയ്തു!

ചമ്മട്ടി അടി മൃഗീയമായിരുന്നു. അതു തുന്നിപ്പിടിപ്പിക്കേണ്ട, ആഴ

മേറിയ മുറിവുകളാണുണ്ടാക്കിയതു, ശരീരം അടികൊണ്ടു നീരും വെക്കുമായിരുന്നു. പലപ്പോഴും, കണ്ണുകളും പല്ലുകളും പുറത്തേക്കു വരുമായിരുന്നു. ചിലർ അതോടെ മരിക്കുമായിരുന്നു. ചമ്മട്ടിയടി, എങ്ങനെയായാലും, മരണശിക്ഷക്കായിരുന്നില്ല. ശിക്ഷക്കായിട്ടാണ് അടിച്ചിരുന്നത്; ആണികൾ കൊല്ലുന്നതിനായിരുന്നു. എപ്പോൾ അതു നിർത്തണമെന്നു പരിചയസമ്പന്നരും, കാഠിന്യമുള്ളവരുമായ റോമൻ പടയാളികൾക്ക് അറിയാമായിരുന്നു. ചമ്മട്ടിയടി ക്രൂശിൽ തറക്കലിന്റെ വേദന ഉയർത്തിയിരുന്നു.

യേശുവിനെ അടിപ്പിച്ചു (മത്തായി 27:26; മർക്കൊസ് 15:15; യോഹന്നാൻ 19:1), അവന്റെ ശരീരം കീറി രക്തം ഒഴുക്കിയാൽ, ജനക്കൂട്ടത്തിന്റെ മനസ്സലിവു തനിക്കു കിട്ടുമെന്നു പിലാത്താസ് വിചാരിച്ചു. അവൻ പറഞ്ഞു, "ആ മനുഷ്യൻ ഇതാ!" (യോഹന്നാൻ 19:5). പിലാത്തൊസിന്റെ ആസൂത്രണം ഫലിച്ചില്ല. പിലാത്തൊസിനോ യേശുവിനോ യാതൊരു ദയയും കിട്ടിയില്ല.

*മരിക്കൽ!* മാനുഷിക മാന്യത ജനങ്ങളിൽ നിന്നു നീക്കി കളയുന്നതാണ് ക്രൂശിൽ തറക്കൽ. ക്രൂശിക്കൽ, അടിസ്ഥാനപരമായി, ഒരാളെ കൊല്ലുന്നതിനാണ്, എങ്കിലും അയാളെ കഴിയുന്നേടത്തോളം ആ യാതനയിൽ ജീവിക്കുവാനിടയാക്കും. എല്ലാവരും നോക്കിനിൽക്കുമ്പോൾ, ഒരാളെ നഗ്നനാക്കി (എല്ലാ പ്രായോഗിക ഉദ്ദേശത്തിനും), നിരാശ്രയനായി, ദുഷിക്കാൻ ഇടയാക്കും. ഇത്തരം വേദനയെല്ലാം ഉണ്ടായാലും, മനുഷ്യർ ദിവസങ്ങളോളം ജീവിക്കും. ഏറിയാൽ രണ്ടോ അല്ലെങ്കിൽ മൂന്നോ ദിവസം ചിലർ ജീവിക്കും. എന്തൊരു ഭീതിജനകം! വിചിത്രമെന്നു പറയട്ടെ, വലിയ രീതിയിൽ രക്ത നഷ്ടമില്ല. മുഖ്യരക്ത ധമനികളെ അതു കാര്യമായി ബാധിക്കാറില്ല. എങ്ങനെയായാലും, ശ്വസിക്കുക പ്രയാസമാണ്. ശ്വാസം ഉള്ളിലേക്കു എടുക്കുന്നതിനേക്കാൾ പുറത്തേക്കു വിടുന്നതാണ് പ്രയാസം. ഒരാൾക്കു കാലിന്മേൽ വലിഞ്ഞു നിന്നുവേണം ശ്വാസം വിടുവാൻ, അതു ആണിയിൽ നിന്നുള്ള വേദന രൂക്ഷമാക്കും. സാധാരണയിൽ കുറഞ്ഞ ആഘാതത്താലും ക്ഷീണവും ശ്വാസം മുട്ടലും നിമിത്തം മരണം സംഭവിക്കുന്നു. കാലുകൾ ഒടിക്കുമ്പോൾ, കുറ്റവാളികൾ നിമിഷങ്ങൾക്കകം മരിക്കും.

"അതിയായി വേദനിപ്പിക്കൽ" എന്ന വാക്ക് അക്ഷരികമായി "ക്രൂശിൽ നിന്നു പുറത്തു കടക്കുക" എന്നാണ് അർത്ഥമാക്കുന്നത്. ക്രൂശിൽ കിടന്നു അനങ്ങുന്നതു ഒരാളുടെ വേദന വർദ്ധിപ്പിക്കും. ക്രൂശിൽ ആശ്വാസകരമായ ഒരു സ്ഥാനം ഇല്ല. വേദന കഠിനമായിരുന്നു. തലവേദന, തീവ്രദാഹം, പേശികളുടെയും നാഡികളുടെയും കോച്ചിപ്പിടുത്തം ഉണ്ടാവും - ശരീരം നിരന്തരമായ ഞെട്ടലുകൾക്കു വിധേയമാകും.

*മുറിവുകൾ!* അഞ്ചു രീതിയിൽ ഒരാൾക്കു മുറിവുണ്ടാകും. ആ അഞ്ചും യേശു അനുഭവിച്ചു. (1) ചതഞ്ഞ മുറിവിൽ അടിപ്പിണരുകളും ഉൾപ്പെടുന്നു, അതു ഉപകരണങ്ങൾ കൊണ്ടുണ്ടായതാണ് (മത്തായി 26:67; മർക്കൊസ് 14:65; ലൂക്കൊസ് 22:63). (2) കീറിയ മുറിവുണ്ടായതു ചമ്മട്ടികൊണ്ടുള്ള അടി കൊണ്ടാണ്. (3) പടയാളികൾ അവന്റെ

തലയിൽ മുൾക്കിരീടം അണിയിച്ചപ്പോൾ കുത്തിത്തുളച്ച മുറിവുകളു മുണ്ടായി (മത്തായി 27:29). (4) കുത്തുകുത്തായ മുറിവുകൾ, "... അവർ [അവന്റെ] കൈകളിലും [അവന്റെ] കാലുകളിലും ആണിയടിച്ചപ്പോൾ ഉണ്ടായതാണ്" (സങ്കീർത്തനങ്ങൾ 22:16). ശരീരത്തിന്റെ ഭാരം കൈകൾക്കു താങ്ങുവാൻ കഴിഞ്ഞില്ല. കൈകളുടെ ഭാഗമായ, കണ ങ്കയ്യിലൂടെ ആണികൾ കടന്നുപോയി. (5) യേശുവിന്റെ വിലാപുറത്തു പടയാളി കുത്തിയപ്പോൾ കീറിയ മുറിവു യേശു മരിച്ചു എന്നു സ്ഥിരീ കരിച്ചു (യോഹന്നാൻ 19:34).

അവന്റെ മരണം ഉറപ്പാക്കുന്നതുവരെ റോമാ പടയാളികൾ അവനെ വിട്ടു കളഞ്ഞില്ല. യേശു ക്രൂശിൽ മരിച്ചു എന്നു ബൈബിൾ വ്യക്ത മായി പറയുന്നു.

യേശു അനുഭവിച്ച വേദനയും കഷ്ടതയും വളരെ കുറച്ച് ഊന്നൽ കൊടുത്താണ് പറഞ്ഞിരിക്കുന്നത്. ബീഭത്സകരമായ വിവരണങ്ങൾ ഒഴി വാക്കിയാണ് തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്നത്. പാപികൾ രക്ഷി ക്കപ്പെടുന്നതു യേശു ഏറ്റ വേദനയാലല്ല, അവന്റെ മരണത്താലാണ്. എങ്കിലും, കഷ്ടത വ്യക്തമായും ഏറ്റിരുന്നു. ക്രൂശ് ശാന്തമായ മരണ മായിരുന്നു; കുറ്റവാളികൾക്ക് അവിടെ കിടന്നു നിലവിളിക്കുവാനുള്ള ശക്തിയോ അതിനാവശ്യമായ ശ്വാസമോ ഇല്ലായിരുന്നു. ചമ്മട്ടി അടിയെ "ചെറിയ മരണം" എന്നും; ക്രൂശിക്കലിനെ "വലിയ മരണം" എന്നും വിളിച്ചിരുന്നു.

യെശയ്യാവു 53 ശ്രദ്ധിച്ചു പഠിക്കുക. ക്രൂശിന്റെ വേദനയിൽ നിർവ്വി കാരമായി തീരുവാൻ നിങ്ങളുടെ ഹൃദയത്തെ അനുവദിക്കരുത്. ആ ഭീകരത്വത്തിന്റെ ഞെട്ടൽ മറികടന്നു പോകുവാൻ ഒരിക്കലും നിങ്ങളെ അനുവദിക്കരുത്!

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

© 2009 Truth for Today